# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4747** **29.6.2012-ൽ മറുപടിക്ക്**

**പകർച്ചവ്യാധികൾ തടയാൻ പഞ്ചായത്തുകൾ സ്വീകരിച്ച നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ മാലിന്യ സംസ്ക്കരണം ഫലപ്രദമായി നടത്തുന്നതിന് പഞ്ചായത്തുകൾ മുഖേനഎന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | എ) സ്കൂളുകൾ, ആശുപത്രികൾ, അംഗനവാടികൾ എന്നിവിടങ്ങളിലെ ശുചീകരണം, ചന്തകളുടേയും പൊതു സ്ഥാപനങ്ങളുടേയും ശുചീകരണം, വെള്ളക്കെട്ടുകൾ ഇല്ലാതാക്കൽ, ജലാശയങ്ങളിൽ നിന്നും പ്ലാസ്റ്റിക് സഞ്ചികൾ ഉൾപ്പെടെയുള്ളവ നീക്കം ചെയ്യൽ, പ്ളാസ്റ്റിക് കൂടുകളുടെ നിയന്ത്രണം, ഖരദ്രവ മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കൽ, സ്വയംസഹായ സംഘങ്ങൾ, വിദ്യാർത്ഥികൾ, തദ്ദേശ ജനപ്രതിനിധികൾ എന്നിവർക്കിടയിൽ അവബോധം സൃഷ്ടിക്കൽ തുടങ്ങിയവയാണ് തീവ്രശുചീകരണ പരിപാടിയിൽ കേന്ദ്രീകരിച്ചത്. |
| ബി) പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്നതു തടയാൻ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് പഞ്ചായത്തുകൾ മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | ബി) തദ്ദേശസ്വയംഭരണവകുപ്പും ആരോഗ്യവകുപ്പും സംയുക്തമായാണ് വാർഡുതല ശുചീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. ഇതിന്റെ ഭാഗമായി വാർഡൊന്നിന് 25000 രൂപ ശുചീകരണ-ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താനായി അനുവദിച്ചതിൽ 10000 രൂപ ആരോഗ്യവകുപ്പിന്റെ ഭാഗത്തുനിന്നും എൻ.ആർ.എച്ച്.എം.ന്റെ ഫണ്ടിൽ നിന്നാണ് ചെലവഴിക്കുന്നതിനായി നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**